പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1447 | 03.10.2016 ൽ മറുപടിക്ക്

## കുട്ടനാട്ടിലെ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ

| ചോദ്യം<br>ശ്രീ.തോമസ് ചാണ്ടി | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കുട്ടനാടിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | കുട്ടനാട്ടിൽ ചമ്പക്കുളം, ചെമ്പുംപുറം, വെളിയനാട്, എടത്വാ എന്നീ സി.എച്ച്.സികളും രാമങ്കരി, മുട്ടാർ, തകഴി എന്നീ പി.എച്ച്.സി കളും ആണുള്ളത്. ഇവിടങ്ങളിൽ കൂടുതൽ മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കുന്നതിലേയ്ക്കായി പ്രൊപ്പോസലുകളും പ്രോജക്ടുകളും തയ്യാറാക്കി അവ നടപ്പിലാക്കുന്ന നടപടികൾ ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകളുടെ ആഭിമുഖ്യത്തിൽ നടന്നുവരുന്നു. സംസ്ഥാനതലത്തിൽ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ് വഴി പരിഗണിക്കേണ്ട പ്രൊപ്പോസലുകൾ ലഭിച്ചാൽ അവ പരിഗണിക്കുന്നതാണ്, ചമ്പക്കുളം, വെളിയനാട് എന്നീ സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളുടെ ആശുപത്രി ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള സ്റ്റാന്റൈഡസേഷൻ പ്രപ്പോസലിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ബി) | (എ) ഫാർമസിസ്റ്റ്, ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്, സ്റ്റാഫ് നേഴ്സ്, ഡെന്റൽ ഹൈജീനിസ്റ്റ്, ഓഫീസ് അറ്റൻഡർ എന്നീ തസ്തികകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>(ബി) ആരോഗ്യ വകുപ്പിന് കീഴിൽ ജോലി നോക്കുന്ന നിശ്ചിതയോഗ്യതയുള്ള അസിസ്റ്റന്റ് സർജൻമാരിൽ നിന്നും ഓപ്ഷൻ മുഖേന ജൂനിയർ കൺസൾട്ടന്റ് തസ്തിക നികത്തുന്നതാണ്.<br>(സി) രണ്ടാം ഗ്രേഡ് ആശുപത്രി അറ്റൻഡർമാരുടെ ഒഴിവുകളിലേയ്ക്ക് എംപ്ലോയ്മെന്റ് മുഖേന നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>(ഡി) ഹെഡ് നഴ്സിന്റെ ഒഴിവ് ഉദ്യോഗക്കയറ്റത്തിലൂടെ നികത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ